**കേരള സർക്കാർ**<br>**ധനകാര്യ (പി.എസ്.എ.) വകുപ്പ്**

നമ്പർ 70/08/ധന　　　　　　　　　　　　　　　　　　തീയതി, തിരുവനന്തപുരം, 06-11-2006.

# <u>സർക്കുലർ</u>

വിഷയം :- 　കേരള നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് ഉത്തരം ലഭ്യമാക്കുന്നത് സംബന്ധിച്ച്-

സൂചന:- 　14-10-2006 ലെ നിയമസഭാ സെക്രട്ടറിയുടെ കത്ത് നമ്പർ 2445/ക്യു.എൻ.എ2/07/ലെജി.

നിയമസഭാ ചോദ്യങ്ങൾ എട്ട് ദിവസം മുമ്പ് തന്നെ ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൃത്യമായി എത്തിച്ചു കൊടുക്കുന്നുണ്ടെങ്കിലും, നിയമസഭയിൽ ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകുന്നതിന് സമയപരിധി ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ഉത്തരം നിയമസഭയിൽ വായിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസത്തിന്റെ തലേദിവസം രാത്രി വളരെ വൈകി മാത്രമാണ് ഉത്തരങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിന് ലഭിക്കുന്നത്. ഇത് നിയമസഭാ സെക്രട്ടേറിയറ്റിന് വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി നിയമസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നു. നിയമസഭയിൽ ചോദ്യങ്ങൾ ഉന്നയിക്കുന്ന ദിവസത്തിന്റെ തലേദിവസം ഉച്ചയ്ക്കു ശേഷം മൂന്ന് മണിക്കു മുമ്പായി പ്രസ്തുത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ നിയമസഭയിൽ ചോദ്യങ്ങൾ ഉന്നയിക്കുന്നതിന് ഒരു ദിവസം മുമ്പ് തന്നെ ഉത്തരങ്ങളുടെ 14 പ്രതികൾ ധനകാര്യ (പാർലമെന്റ്) വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളെയും അറിയിച്ചുകൊള്ളുന്നു.

**ടി. അബ്ദുൾ ജബ്ബാർ,**<br>അഡീഷണൽ സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.<br>ആഫീസർമാർക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ